മംഗളം

26 September 2017




▪ പൊതുജനങ്ങൾക്കിടയിൽ ശുചിത്വ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനായി സി.എം.എഫ്.ആർ.ഐ. സംഘടിപ്പിച്ച് മനുഷ്യച്ചങ്ങലയ്ക്ക് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നേതൃത്വം നൽകുന്നു.

# മനുഷ്യച്ചങ്ങല തീർത്ത് സി.എം.എഫ്.ആർ.ഐയുടെ ശുചിത്വ ബോധവത്കരണം

കൊച്ചി: പൊതുജനങ്ങൾക്കിടയിൽ ശുചിത്വ ബോധവൽക്കരണം സൃഷ്ടിക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ. ഐ) ജീവനക്കാർ മനുഷ്യച്ചങ്ങല തീർത്തു. കേന്ദ്രസർക്കാർ നിർദേശമനുസരിച്ച് സി.എം.എഫ്.ആർ.ഐ നടത്തിവരുന്ന ശുചിത്വ സേവനവാരാചരണത്തിന്റെ ഭാഗമായായിരുന്നു പരിപാടി. 200 പേർ മനുഷ്യച്ചങ്ങലയിൽ അണിനിരന്നു. ശുചിത്വവുമായി ബന്ധപ്പെട്ട പ്ലക്കാർഡുകൾ പ്രദർശിപ്പിച്ചു. ഹൈക്കോടതി ജങ്ഷനിൽനിന്നു ഗോശ്രീ റോഡിൽ സി.എം.എഫ്.ആർ.ഐ. കെട്ടിടം വരെയുള്ള സ്ഥലത്താണ് മനുഷ്യച്ചങ്ങല തീർത്തത്. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നേതൃത്വം നൽകി.

ശുചിത്വ സേവനവാരത്തിന്റെ ഭാഗമായി ശുചിത്വ പ്രതിജ്ഞ, പരിസരശുചീകരണം എന്നിവയും നടത്തി. മംഗളവന പരിസരം, സി.എം.എഫ്.ആർ.ഐയുടെ പരിസരം എന്നിവയാണ് ശുചീകരണം നടത്തിയത്. കൊച്ചി കേന്ദ്രത്തിനുപുറമേ കോഴിക്കോട്, വിഴിഞ്ഞം ഉൾപ്പെടെ സി.എം.എഫ്.ആർ.ഐയുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മറ്റു 10 സെന്ററുകളിലും ശുചിത്വ സേവനവാരാചരണം നടന്നുവരുന്നു. ഒക്ടോബർ രണ്ടുവരെ നീണ്ടുനിൽക്കും. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമിന്റെ നേതൃത്വത്തിലാണു ശുചിത്വ പ്രവർത്തനങ്ങൾ നടക്കുന്നത്.